**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 96 — 29/09/2016 ൽ മറുപടിക്ക്

## ജലാശയങ്ങളിലെ കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. ടി.വി.ഇബ്രാഹിം<br>ശ്രീ. അബ്ദുൽ ഹമീദ്.പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി സംബന്ധിച്ച് ഏറ്റവും ഒടുവിൽ സർവ്വേ നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി സംബന്ധിച്ച് പ്രത്യേകമായി സർവ്വേ ചെയ്തിട്ടില്ല. 2014 ൽ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും ഒടുവിലായി സർവ്വേ നടന്നത്. കാസറഗോഡ് (1925-30), കോഴിക്കോട് (1930), കോട്ടയം (1910, 1970 മുതൽ 1980 വരെ, 1988 മുതൽ 1993 വരെ എന്നീ കാലഘട്ടങ്ങളിൽ) എറണാകുളം (1853-1911 വരെ, 1994- 2006, 1977 - 80 എന്നീ വിവിധ കാലഘട്ടങ്ങളിലായി) ആലപ്പുഴ (1992 - 94 കാലയളവിൽ) എന്നീ ജില്ലകളിൽ വർഷങ്ങൾക്കു മുമ്പാണ് സർവ്വേ നടന്നിട്ടുള്ളത്. കൊല്ലം (2006- 07) ലും, പത്തനംതിട്ട (1993- 94, 1994-95, 2001) സർവ്വേ നടന്നിട്ടുണ്ട്. ആലപ്പുഴ (2016 ൽ) കോട്ടയം (1984-94) ഇടുക്കി, വയനാട് (റീസർവ്വേ ഭാഗികമായി) എറണാകുളം (1993- 2015) വരെ എന്നീ ജില്ലകളിൽ റീസർവ്വേ നടന്നു വരുന്നു. |
| (ബി) ഈ സർവ്വേയ്ക്കു ശേഷം ഇവയുടെ വിസ്തീർണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരം, കോഴിക്കോട്, വയനാട്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം തിട്ടപ്പെടുത്തി വരുന്നു. ടി ജില്ലകളിലെല്ലാം കയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം ബോധ്യപ്പെട്ടിട്ടുള്ളതാണ്. വ്യാപ്തി തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം. കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം തിട്ടപ്പെടുത്തിയിട്ടില്ല |

(സി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കയ്യേറ്റങ്ങളുടെ വ്യാപ്തി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

(സി) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, എന്നീ ജില്ലകളിൽ കയ്യേറ്റത്തിന്റെ വ്യാപ്തി പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ട കേസുകളിൽ സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിൽ കൈയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം കണ്ടെത്തിയിട്ടുള്ളതും നടപടി സ്വീകരിച്ചു വരുന്നതുമാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ കൈയ്യേറ്റത്തിന്റെ വ്യാപ്തി ശേഖരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ